കഞ്ചാവ് വിൽപ്പന സംഘത്തിലെ സൂത്രധാരൻ അറസ്റ്റിൽ



● അജ്മൽ

കുന്നംകുളം: പെരുമ്പിലാവിൽ 37 കിലോ കഞ്ചാവ് വിൽപ്പനക്കായി വാഹനത്തിൽ കൊണ്ടു പോകുന്നതിനിടെ പിന്തുടർന്നെത്തിയ ജില്ലാ ലഹരി വിരുദ്ധ സ്കാഡ് (ഡാൻസാഫ്) സംഘത്തെ വാഹനമിടിച്ച് അപായപ്പെടുത്താൻ ശ്രമിച്ച മൂന്നംഗ സംഘത്തിലെ മുഖ്യ സൂത്രധാരനായ നിരവധി ക്രിമിനൽ - മയക്കു മരുന്നു കേസിലെ പ്രതി അറസ്റ്റിൽ. ചങ്ങരംകുളം സ്വദേശി അജ്മലിനെ (28) യാണ് കുന്നംകുളം പോലീസ് അറസ്റ്റ് ചെയ്തത്. ജൂൺ 17ന് സംഭവസ്ഥലത്ത് നിന്നും രണ്ടു പേരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. അജ്മൽ ഓടി രക്ഷപ്പെട്ടിരുന്നു. പോലീസുകാരുടെ വാഹനത്തിലിടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച സംഘത്തെ സാഹസികമായാണ് പിടികൂടിയത്.

കുന്നംകുളം ചൊവ്വന്നൂർ മാന്തോപ്പ് കരിയേടത്ത് വീട്ടിൽ സനൽ (24) മലപ്പുറം നന്നമുക്ക് പള്ളിക്കര സ്വദേശി അണ്ടനാത്ത് വീട്ടിൽ മുബാഷിർ (25) എന്നിവരാണ് സംഭവസ്ഥലത്ത് നിന്ന് അറസ്റ്റിലായത്. ഡാൻസാഫ് സംഘത്തിന് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് പെരുമ്പിലാവ് - പട്ടാമ്പി റോഡിൽ വെച്ചാണ് പ്രതികളെ പിടികൂടിയത്. സിഫ്റ്റ് കാറിലാണ് സംഘം സഞ്ചരിച്ചിരുന്നത്. ഡാൻസാഫ് സംഘം കൈ കാണിച്ചെങ്കിലും കാർ നിർത്താതെ പോയി.

പിന്നാലെയെത്തിയ പോലീസുകാർ സഞ്ചരിച്ച കാറിൽ സംഘം സഞ്ചരിച്ചിരുന്ന കാറിടിച്ച് അപായപ്പെടുത്താൻ ശ്രമിച്ചു. കാറിൽ നിന്നിറങ്ങി ഓടി രക്ഷപ്പെടാനും മൂന്നംഗ ശ്രമിച്ചു. പിന്നീട് പോലീസ് സിനിമസ്റ്റൈലിൽ പിന്തുടർന്നാണ് പിടികൂടിയത്. ബാംഗ്ലൂരിൽ നിന്നാണ് സംഘം കഞ്ചാവുമായി നാട്ടിലെത്തിയത്. പിടിയിലായ കേസിലെ മുഖ്യസൂത്രധാരൻ അജ്മൽ പത്തോളം ക്രിമിനൽ കേസുകളിലും നാല് മയക്ക് മരുന്ന് കേസിലും പ്രതിയാണ്.

കഞ്ചാവുമായി യുവാവ് പിടിയിൽ



● പ്രണവ്

മാള : കുട്ടികൾക്കും യുവാക്കൾക്കും മറ്റും വിൽപന നടത്തുന്നതിനായി സൂക്ഷിച്ച കഞ്ചാവുമായി ഒരാളെ മാള പോലീസ് അറസ്റ്റ് ചെയ്തു. മാള കനകക്കുന്ന് സ്വദേശി പള്ളികൂട്ടം വീട്ടിൽ പ്രണവാ (21) ണ് അറസ്റ്റിലായത്. മാള കനകക്കുന്ന് റോഡിന് സമീപം നടത്തിയ പരിശോധനയിലാണ് 55.45 ഗ്രാം കഞ്ചാവുമായി പ്രതി പിടിയിലായത്. കുട്ടികൾക്ക് കഞ്ചാവ് വിൽപ്പനയ്ക്കായി സൂക്ഷിച്ചതിന് എൻ.ഡി.പി.എസ് നിയമത്തിന് പുറമെ ബാലനീതി നിയമത്തിലെ ജാമ്യമില്ലാ വകുപ്പായ സെക്ഷൻ 77 കൂടി ചുമത്തിയാണ് കേസെടുത്തിട്ടുള്ളത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. മാള പോലീസ് സ്റ്റേഷൻ എസ്.ഐ അനിൽ കുമാർ ഒ.പി, ജി.എസ്.സി.പി.ഒ ജിജീഷ് എം.എസ്, സി.പി.ഒ നിനൽ, ഹോംഗാർഡ് വിനോദ് പി.ടി എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.



● തൃശൂർ പ്രസ് ക്ലബ്ബിന്റെ ഓണാഘോഷം മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യുന്നു.

പൊടി ശല്യം രൂക്ഷം: ദേശീയപാത നിർമാണം നാട്ടുകാർ ഉപരോധിച്ചു

പുതുക്കാട്: മണ്ണുത്തി ഇടപ്പിള്ളി ദേശീയപാതയിലെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള കരാർ കമ്പനിയുടെ നന്തിക്കരയിലെ കോൺക്രീറ്റ് പ്ലാന്റ് നാട്ടുകാർ ഉപരോധിച്ചു. പ്ലാന്റിൽ നിന്നും കോൺക്രീറ്റ് മിക്സ് കയറ്റിവരുന്ന ടോറസുകളിൽ നിന്നും റോഡിൽ ചെളിയും മെറ്റലും ഒലിച്ചിറങ്ങി വാഹനങ്ങൾ തെന്നിവീഴുകയും, കാൽനട യാത്രക്കാർക്ക് നടക്കാൻ പോലും പറ്റാത്ത അവസ്ഥയാണെന്നും ആരോപിച്ചായിരുന്നു ഉപരോധം. വാർഡ് അംഗങ്ങളായ കെ. എസ് ജോൺസൺ, കെ.എ വേലായുധൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം. സിമന്റും മെറ്റലും മിക്സ് ചെയ്യുന്ന മലിനജലം ശുദ്ധീകരിക്കാതെ സമീപത്തെ പാടത്തേക്കു വിടുന്നതായും നാട്ടുകാർ ആരോപിച്ചു. പൊടി ശല്യം രൂക്ഷമായതിനെതുടർന്ന് പറപ്പൂക്കര പഞ്ചായത്ത് അധികൃതർ, കമ്പനിക്ക് നോട്ടീസ് നല്കിയിട്ടും നടപടിയുണ്ടായില്ല. ഉപരോധത്തെ തുടർന്ന് കമ്പനി മാനേജർ നാട്ടുകാരുമായി ചർച്ച നടത്തി, പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് ഉറപ്പു നൽകി. സർവ്വീസ് റോഡ് ക്ലീനിംഗിന് സ്ഥിരം ജോലിക്കാരെ ചുമതലപ്പെടുത്തുമെന്നും, സ്ഥിരമായി വെള്ളം പമ്പ് ചെയ്ത് പൊടിശല്യം ഒഴിവാക്കാമെന്നും, പ്ലാന്റിനുള്ളിൽ നിന്ന് പുറത്തേക്ക് വരുന്ന റോഡുകൾ, ചെളി വരാതിരിക്കാൻ ടാറിംഗ് നടത്തുമെന്നും കമ്പനി അറിയിച്ചു. ഇതിനെ തുടർന്നാണ് ഉപരോധം അവസാനിപ്പിച്ചത്.

ഓണാഘോഷം

തൃശൂർ: തൃശൂർ പ്രസ് ക്ലബ്ബിന്റെ ഓണാഘോഷം മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്തു. കളക്ടർ ശിഖ സുരേന്ദ്രൻ മുഖ്യാതിഥിയായി. ഓണക്കിറ്റിന്റെ വിതരണോദ്ഘാടനവും കൈമാറി മന്ത്രി നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, വൈസ് പ്രസിഡന്റ് ടി.കെ. സുധീഷ്, എം.എൽ.എമാരായ സനീഷ് കുമാർ ജോസഫ്, രാജൻ ജെ. പല്ലൻ, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. രവീന്ദ്രൻ, ഡി. ചലച്ചിത്ര താരങ്ങളായ സുനിൽ സുഖദ, ജയരാജ് വാര്യർ പങ്കെടുത്തു.



● ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും സംസ്കൃത സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഡോ. രേഷ്മ. പുത്തൻചിറ പുളിയിലക്കുന്ന് പുത്തൂരാൻ അയ്യപ്പൻ, രമ ദമ്പതികളുടെ മകളാണ്.

● കണ്ണ് പോയിട്ടും കാണാത്ത നീതി

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷന് മുന്നിൽ ശവപ്പെട്ടിയുമായി സമരം

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട: സ്കൂട്ടറിൽ ഡെലിവറി വാൻ തട്ടിയെന്നാരോപിച്ച് വാൻ ഓടിച്ചിരുന്ന മാടായിക്കോണം സ്വദേശിയെ സ്കൂട്ടർ യാത്രികനായ യുവാവ് ആക്രമിച്ചെന്ന പരാതിയിൽ നീതി ലഭിച്ചില്ലെന്ന് ആരോപിച്ച് കുടുംബം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷന് മുൻപിൽ ശവപ്പെട്ടിയുമായി എത്തി സമരം നടത്തി.

ഡെലിവറി വാൻ ഓടിച്ചിരുന്ന മാടായിക്കോണം സ്വദേശി കണ്ണാട്ട് വീട്ടിൽ സജീവ്കുമാറിനെ (50) കുഴിക്കാട്ടുകോണം സ്വദേശി ബലറാം എന്നയാൾ ആക്രമിച്ചതായാണ് പരാതി.

താക്കോൽ ഉപയോഗിച്ച് നടത്തിയ ആക്രമണത്തിൽ സജീവ് കുമാറിന്റെ മൂക്കിനും കണ്ണിനും ഗുരുതര പരുക്കേറ്റിട്ടുണ്ട്. മൂക്കിന്റെ എല്ലിനും കണ്ണിന്റെ രക്തക്കുഴലിനും പൊട്ടലും കൃഷ്ണമണിക്ക് പോറലും സംഭവിച്ചിട്ടുണ്ടെന്ന് സജീവ്കുമാറിന്റെ ഭാര്യ പറഞ്ഞു. ഓഗസ്റ്റ് ഒന്നിന് നടന്ന സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് നീതിയുക്തമായ യാതൊരു നടപടിയും ഉണ്ടായില്ലെന്നാണ് കുടുംബത്തിന്റെ ആരോപണം.



● യുവാവ് ആക്രമിച്ചെന്ന പരാതിയിൽ നീതി ലഭിച്ചില്ലെന്ന് ആരോപിച്ച് സജീവ്കുമാറിന്റെ കുടുംബം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷന് മുൻപിൽ ശവപ്പെട്ടിയുമായി എത്തി സമരം നടത്തുന്നു.

ഇതിനിടയിൽ മൊഴിയെടുക്കാൻ എത്തിയ പോലീസ് കേസിന്റെ ബലത്തിനെന്ന് പറഞ്ഞ് മൊഴി മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടതായും കുടുംബം ആരോപിച്ചു. തുടർന്ന് പ്രതിക്കെതിരേ നിസാരവകുപ്പുകൾ ചുമത്തി

കേസെടുത്ത് പ്രതിയെ വിട്ടയക്കുകയായിരുന്നു എന്നും കുടുംബം ചൂണ്ടിക്കാട്ടി.

ഇരിങ്ങാലക്കുട സ്റ്റേഷനിൽ പുതിയ സർക്കിൾ ഇൻസ്പെക്ടർ ചാർജ് എടുത്ത ദിവസമാണ് സമരം നടന്നത്.

കേസ് വിവരങ്ങൾ അന്വേഷിച്ച് രണ്ടു ദിവസത്തിനുള്ളിൽ നടപടിയെടുക്കാമെന്ന് അദ്ദേഹം സജീവ്കുമാറിന്റെ കുടുംബത്തിന് ഉറപ്പുനൽകി. യൂത്ത് ഫ്രണ്ട് ജില്ലാ സെക്രട്ടറി വിനീത് വിൻസെന്റ്, ഇരിങ്ങാലക്കുട നിയോജക മണ്ഡലം പ്രസിഡന്റ് വിനോദ് ചേലൂക്കാരൻ, ജനറൽ സെക്രട്ടറി ആന്റണി പാറോക്കാരൻ, സെക്രട്ടറി അർജുൻ പ്രദീപ്, വൈസ് പ്രസിഡന്റ് ലാലു വിൻസെന്റ്, ഇരിങ്ങാലക്കുട മണ്ഡലം പ്രസിഡന്റ് റെൻജോ ജോണി, മണ്ഡലം സെക്രട്ടറിമാരായ അൻബിൻ, അഫ്സൽ എന്നിവർ കുടുംബത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരത്തിൽ പങ്കെടുത്തു.

ഉപഭോക്തൃ ശൃംഖല വിപുലീകരിക്കും

തൃശൂർ: സംസ്ഥാനത്ത് ചേതക് ഇലക്ട്രിക് സ്കൂട്ടറിന്റെ വിൽപ്പന, സേവന ശൃംഖല വിപുലീകരിച്ചു. തുടക്കത്തിൽ രണ്ട് കേന്ദ്രങ്ങളുമായി കേരളത്തിൽ പ്രവർത്തനം ആരംഭിച്ച ചേതക് ഇന്ന് 18 ചേതക് എക്സ്പീരിയൻസ് സെന്ററുകളും ബജാജ് ഓട്ടോയുടെ 85 കേന്ദ്രങ്ങളും ഉൾപ്പെടെ 103 ഉപഭോക്തൃ കേന്ദ്രങ്ങളിലാണ് ലഭ്യമാകുന്നത്. സംസ്ഥാനത്ത് ഇതിനകം 50,000ത്തിലധികം ചേതക് ഉപഭോക്താക്കളുണ്ട്. കൊച്ചി മുതൽ വയനാട് വരെയും തിരുവനന്തപുരം മുതൽ പാലക്കാട് വരെയും ചേതക്കിന്റെ വിപുലമായ ശൃംഖല ഉപഭോക്താക്കൾക്ക് കൂടുതൽ അടുത്തെത്തിയിരിക്കുകയാണ്. വിൽപ്പന, വാഹന പരീക്ഷണയാത്ര, സേവനം തുടങ്ങിയ സൗകര്യങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനൊപ്പം കേരളത്തിലെ ചേതക് ഉടമകളുടെ ആകെ അനുഭവം മെച്ചപ്പെടുത്താനും പുതിയ കേന്ദ്രങ്ങൾ സഹായിക്കും. ബജാജ് ഓട്ടോ ലിമിറ്റഡിന്റെ അർബനൈറ്റ് ബിസിനസ് പ്രസിഡന്റ് എറിക് വാസ് പറഞ്ഞു: ഉത്സവകാലത്തിന്റെ ഭാഗമായി, ചേതക് ഉപഭോക്താക്കൾക്ക് 1,999 രൂപയുടെ ഇളവും ലഭിക്കും. സ്റ്റോക്ക് തീരുന്നതുവരെ മാത്രമാണ് ഓഫർ. ഉപഭോക്താക്കൾക്ക് സമീപത്തെ ചേതക് എക്സ്പീരിയൻസ് സെന്ററിലോ ബജാജ് ഓട്ടോ ഡീലർഷിപ്പിലോ എത്തി ചേതക്കിന്റെ വിവിധ മോഡലുകൾ പരിചയപ്പെടാനും പരീക്ഷണയാത്ര നടത്താനും വിൽപ്പന, സേവന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും കഴിയും.

നഷ്ടപ്പെട്ടു

പാലക്കാട് സ. റ. ഓഫീസിൽ 2953/1973 നമ്പ്രേ ആയി രജിസ്റ്റർ ചെയ്ത ഒറിജിനൽ ആധാരം തിരികെ കിട്ടാത്ത വിധം നഷ്ടപ്പെട്ടിരിക്കുന്നു. ടി ആധാരത്തിന്റെ ശരിപ്പകർപ്പ് ഉപയോഗിച്ച് ക്രയവിക്രയം നടത്തുവാൻ ഉടമസ്ഥരായ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ടി ആധാരം ഒറിജിനൽ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം താഴെ പറയുന്ന വിലാസത്തിൽ ഏൽപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ശരിപ്പകർപ്പ് ഉപയോഗിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. എന്ന്,
സുനിൽ എ ആന്റണി,
അയനിക്കൽ ഹൗസ്, കുണ്ടൂർ,
തൃശൂർ. Ph: 9446539770.

CHANGE OF NAME

I, BEENAKUMARI PADMANABHAN, MADATHIPARAMBIL HOUSE, P.O.KOMBATHUKADAVU, THRISSUR DT, KERALA, PIN-680682, HOLDER OF PASSPORT NO.N6277791 HERE BY CHANGED MY NAME AS BEENA PADMANABHAN

നഷ്ടപ്പെട്ടു

എനിക്ക് സിവിച്ചിതായ കൊടുങ്ങല്ലൂർ സബ്ബ് രജിസ്ട്രാർ ആഫീസ് 2021ലെ 395-ാം നമ്പ്ര ധാരത്തിന്റെ മുന്നാധാരങ്ങളായ തൃപ്രയാർ സബ്ബ് രജിസ്ട്രാർ ആഫീസ് 2010ലെ 441, 2000ലെ 2021, 1994ലെ 1122 എന്നീ നമ്പ്ര ധാരങ്ങളും വാടാനപ്പള്ളി സബ്ബ് രജിസ്ട്രാർ ആഫീസ് 2009ലെ 143-ാം നമ്പ്ര മുക്തയാർ നാമവും തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടു. കണ്ടു കിട്ടുന്നവർ 10 ദിവസത്തിനുള്ളിൽ താഴെ കാണുന്ന മേൽവിലാസത്തിൽ ബന്ധപ്പെടേണ്ടതും അല്ലാത്തപക്ഷം ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി എടുത്ത് ക്രയവിക്രയം മുതലായവ ചെയ്യുന്നതുമാകുന്നു.
എന്ന്, അജയകുമാർ, S/o. പ്രഭാകരൻ, മാമ്പനാത്ത് ഹൗസ്, പി.ഒ.കയ്പമംഗലം, പിൻ : 680681. ഫോൺ : 9769012501

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

കൈവശാവകാശ നോട്ടീസ് (സ്ഥാവര സ്വത്ത്)

(2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് ചട്ടം 8(1) അനുസരിച്ച്)

സെക്യൂരൈറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002, സെക്ഷൻ 13(2) റൂൾ 9 വ്യവസ്ത്രപ്രകാരം നൽകിയിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ച് താഴെ ഒപ്പിട്ടിരിക്കുന്ന ടാറ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ 2026 മാർച്ച് 4-ൻ ഒരു ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിക്കുകയും, പ്രസ്തുത നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുക തിരിച്ചടയ്ക്കാൻ വായ്പക്കാരോട് ആവശ്യപ്പെടുകയും ചെയ്തുവായ്പക്കാരൻ, തുക തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, ഈ നോട്ടീസ് വഴി വായ്പക്കാരെ പ്രതീകീച്ചും പൊതുജനങ്ങളെ പൊതുവായും, അറിയിക്കുന്നത് എന്തെന്നാൽ, ബഹുമാനപ്പെട്ട തൃശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവനുസരിച്ച്, പ്ര.സി. ന.296/2026, 2026 ജൂൺ 20 ലെ ഉത്തരവ്, കോടതി കമ്മീഷണർ നിയമിച്ച് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന വസ്തുവിന്റെ ഭൗതിക ഉടമസ്ഥാവകാശം പൂർണ്ണമായും ടാറ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ താഴെ ഒപ്പിട്ട അംഗീകൃത ഓഫീസർക്ക് കൈമാറുന്നതിനായി കോടതി ഉത്തരവായിരിക്കുന്നു. സുരക്ഷിത ഇൗട് ആസ്തികൾ (നിർബന്ധിത കൈമാറ്റം) നിയമത്തിലെ 13ലെ ഉപവകുപ്പ് (8)ലെ വ്യവസ്ഥകളിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വായ്പക്കാരൻ പ്രതീകീച്ചും, പൊതുജനങ്ങൾ പൊതുവായും, ഈ വസ്തുവുമായി ഇടപാടുകളിലേർപ്പെടരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുകയും, ഈ വസ്തുവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഇടപാടുകൾ നടത്തുന്ന പക്ഷം ഡിമാൻഡ് നോട്ടീസ് തീയതി മുതലുള്ള പലിശ, ചാർജ്ജുകൾ, മെലബ്യൂർക്ക തുടങ്ങിയവയും പലിശ സഹിതം, ടാറ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ ചാർജിന് വിധേയമായിരിക്കുന്നതുമാണ്.

ലോൺ അക്കൗണ്ട് നമ്പർ	മെസ്സേഴ്സ് പ്രതിയുടെ പേര്	വിവരിയ നോട്ടീസിലെ തുക, തീയതിയും	കൈവശാവകാശ നോട്ടീസ് അയച്ച തീയതി
TCHHL04710001003390787 & TCHIN 04710001003952777	(1) ഷാജു പൂച്ചാലം (വായ്പക്കാരൻ), (2)ലിജി വർഗീസ ഷാജു (സഹ വായ്പക്കാരൻ)	04-03-2026 തീയതിയിലെ കണക്കനുസരിച്ച് രൂപ1,26,693 /- (പതിനൊന്ന് ലക്ഷത്തി ഇരുപത്തി ആറായിരത്തി അറുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) 04-03-2026	2026 മാർച്ച് 19

വസ്തുവിന്റെ പട്ടിക: ക്രമനമ്പർ: 1, ജില്ല: തൃശൂർ, ഉപജില്ല : പഴയന്നൂർ, താലൂക്ക്: തലപ്പിള്ളി, വില്ലേജ്/അംശം: കൊണ്ടാഴി, ദേശം/കര/മുറി: കൊണ്ടാഴി, പഞ്ചായത്ത്: കൊണ്ടാഴി, പഴയ സർവേ നമ്പർ: 435 പഴയ സർവേ റീജി ഡിവിഷൻ: 2-12, തണ്ടപ്പർ ആർ.എസ്.ബി നമ്പർ: 435 പുതിയ സർവേ നമ്പർ: 435 പുതിയ സർവേ റീജി ഡിവിഷൻ: 2-12, തണ്ടപ്പർ ആർ.എസ്.ബി നമ്പർ: 4.70 ഹെക്ടർ 35 ചതുരശ്രമീറ്റർ. അവകാശത്തിന്റെ സ്വഭാവം - തരം : ജന്മം, പ്രസ്തുത വിലപ്രമാണമനുസരിച്ചുള്ള പട്ടയം നമ്പർ: 8886. വസ്തുവിവരണം: - തലപ്പിള്ളി താലൂക്കിലെ കൊണ്ടാഴി വില്ലേജിലെ പഴയ സർവ്വേ നമ്പർ 435/2/12 ലെ 4.35 ആർ ഭൂമിയുടെ പൂല്വാ മാഗണ്ണും, ഒപ്പം കൊണ്ടാഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഓടിൻഷീറ്റുകൊണ്ട് മേൽക്കൂര, വണ്ടുകൾ അവകാശവും, സംഭിതം. തൃശൂർ ജില്ലാരജിസ്ട്രേഷൻ ജില്ലയിലെ പഴയന്നൂർ സബ്-രജിസ്ട്രേഷൻ ജില്ലയിൽ പ്രവർ. ഷാജു പൂച്ചാലംഎന്നവരിൽ നിന്നും 10.02.2025 ലെ ബെസിയിൽ ഡീഡ് നമ്പർ 269/1/2025 ൽ പകാശിപ്പിച്ചിരിക്കുന്ന എല്ലാ അവകാശങ്ങളും, അതിന്റെകൂടെ കിടക്കൂ; ബിന്നു സമ്പത്ത്: വടക്ക്: തൊടുക്കോട്ടിൽ ഗോവിന്ദൻകുട്ടി വക സ്വത്തും റോഡും. പടിഞ്ഞാറ്: മേഴ്പ്പള്ളിൽ ഗോയുടെ സ്വത്ത്, തെക്ക്: മേഴ്പ്പള്ളിൽ ഗോയുടെ സ്വത്ത്.

തീയതി: 19 ഓഗസ്റ്റ് 2026
സ്ഥലം: തൃശൂർ

ടാറ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിനു വേണ്ടി
ഒപ്പ്/അംഗീകൃത ഓഫീസർ

ആക്സിസ് ഫിനാൻസ് ലിമിറ്റഡ്

ബ്രാഞ്ച് ഓഫീസ്: ഗ്രൗണ്ട് ആൻഡ് ഒന്നാം നില, ആൽഫ സെന്റർ, #216, ഡബിൾ റോഡ്, രണ്ടാം ഘട്ടം, ഇന്ദിരാനഗർ, ബാംഗ്ലൂർ-560002

അനുബന്ധം-IV [റൂൾ 8(1) കാണുക] കൈവശാവകാശ അറിയിപ്പ് (സ്ഥാവര വസ്തുക്കൾക്ക്) [സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002, അനുബന്ധം IV, റൂൾ 8(1)പ്രകാരം]

താഴെ ഒപ്പിട്ടിരിക്കുന്ന ആക്സിസ് ഫിനാൻസ് ലിമിറ്റഡിന്റെ (എഫ്എഫ്എൽ) അംഗീകൃത ഉദ്യോഗസ്ഥൻ, 2002-ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ ആസ്റ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് പ്രകാരവും, 2002-ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് സെക്ഷൻ 13 (12) റൂൾ 3-ൽ പ്രകാരവും നൽകിയിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2026 മെയ് 25-ന് ഒരു ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും വായ്പക്കാർ/ജാമ്യക്കാർ/ പണയക്കാർ 1) ജയനി വാസൻ (വായ്പക്കാരനും പണയക്കാരനും), 2) ശ്രുതി എസ് (സഹ-വായ്പക്കാരൻ 1) താമസം: കുളത്തോട്ടം ഹൗസ്, മാടക്കത്തറ പിഒ, വെസ്റ്റ് വെള്ളാനിക്കര വെള്ളാനിക്കര വില്ലേജ്, തൃശൂർ, കേരള- 680651. ഡിമാൻഡ് നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്ന 2026 മെയ് 25-ന് കണക്കനുസരിച്ച് അടയ്ക്കേണ്ട തുകയായ രൂപ. 20,04,927/-(ഇരുപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) (ഭടം ലോൺ സൗകര്യം) തിരിച്ചടയ്ക്കുന്നതിനായി താഴെ വിശദമായി വിവരിച്ചിരിക്കുന്ന സ്വത്ത് പണയപ്പെടുത്തിയിട്ടുള്ളവരോട് പ്രസ്തുത നോട്ടീസ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ പണമടയ്ക്കാൻ തീയതി വരെ കരാർ നിറക്കിൽ തുടർ പലിശ സഹിതം തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടിട്ടുള്ളതാണ്.

വായ്പക്കാർ/ജാമ്യക്കാർ/ പണയക്കാർ തുക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, താഴെ ഒപ്പിട്ടയാൾ 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമങ്ങളുടെ 8-ാം ചട്ടത്തോടൊപ്പം ചേർത്തിട്ടുള്ള പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(4) പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന സ്വത്ത് 2026 ഓഗസ്റ്റ് 20-ാം തീയതി പ്രതീകാത്മക കൈവശം എടുത്തതായി വായ്പക്കാർ/ജാമ്യക്കാർ/ പണയക്കാർ എന്നിവർക്കു പ്രത്യേകിച്ചും, പൊതുവായി പൊതുജനങ്ങൾക്കും ഇതിനാൽ നോട്ടീസ് നൽകുന്നു.

2026 മെയ് 25-ന് ലെ കണക്കനുസരിച്ച് ആക്സിസ് ഫിനാൻസ് ലിമിറ്റഡിന് കുടിശികയായ രൂപ. 20,04,927/ (ഇരുപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) മുഴുവൻ പണമടയ്ക്കൽ അല്ലെങ്കിൽ പൂർണ്ണമായ തിരിച്ചടവ് വരെ ആക്സിസ് ഫിനാൻസ് ലിമിറ്റഡിന്റെ ചെലവ്, ചാർജ്ജുകൾ മുതലായവയുൾപ്പെടെ കരാർ നിരക്കുകളിൽ തുടർ പലിശയും സഹിതം ഈടാക്കുന്നതുൾപ്പെടെ കരാർ നിരക്കുകളിൽ വീണ്ടെടുക്കുന്നതിന് ലഭ്യമായ സമയപരിധി സംബന്ധിച്ച്, പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 ലെ ഉപവകുപ്പ് (8), ഉപവകുപ്പ് (13) ലെ വ്യവസ്ഥകളിലേക്ക് വായ്പക്കാർ/ജാമ്യക്കാർ/ പണയക്കാർ എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സ്ഥാവര സ്വത്തിന്റെ വിവരണം:: 0456MMA00004015: വെള്ളാനിക്കര വില്ലേജിലെ സർവ്വേ നമ്പർ. 174/170ം ൽ 2.02 ആർ വിസ്തൃതിയുള്ള സ്ഥാവര വസ്തുക്കളുടെ മുഴുവൻ ഭാഗവും, വസ്തുവിന്റെ വടക്കുവശത്ത് 2.40 മീറ്റർ (8 അടി) സ്വകാര്യ റോഡിന് മുകളിലുള്ള വഴിയുടെ അവകാശവും. ജില്ല- തൃശൂർ, ഉപജില്ല- ഒല്ലൂക്കര, വില്ലേജ്- വെള്ളാനിക്കര, കേരള - 680651. അതിരുകൾ: കിഴക്ക്: വെള്ളാനിക്കര ശ്രീധരന്റെ സ്വത്ത്, തെക്ക്: ഈനാംപുറക്കൽ ശങ്കരനാട്ടിയുടെ സ്വത്ത്, പടിഞ്ഞാറ്: പൊറാട്ടുകര നാരായണന്റെ സ്വത്ത്, വടക്ക്: റോഡ്, വെള്ളാനിക്കര സുരേന്ദ്രൻ.

തീയതി: 20/08/2026,
സ്ഥലം: തൃശൂർ

ഒപ്പ്/, അംഗീകൃത ഉദ്യോഗസ്ഥ